**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2330** **07-07-2022 - ൽ മറുപടിയ്ക്ക്**

**വൻകിട വികസന പ്രവർത്തനങ്ങൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</td><td colspan="2">ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>2016 മുതൽ നാളിതുവരെ സംസ്ഥാനം വൻകിട വികസന പ്രവർത്തനങ്ങൾക്കായി ആകെ എത്ര രൂപ കടം എടുത്തിട്ടുണ്ട്; ഇതിൽ നാളിതുവരെ എത്ര രൂപ വിവിധ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;</td><td>(എ)</td><td>വികസന പ്രവർത്തനങ്ങൾ ലക്ഷ്യമാക്കിയാണ് സംസ്ഥാനം പൊതുവിൽ കടം എടുക്കാറുള്ളത്. വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിത നിധിയിൽ മറ്റു വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല. 2015-16 മുതൽ 2020-21 വരെയുള്ള കാലയളവിലെ പൊതുകടത്തിലെ ആകെ വർദ്ധനവ് 89951 കോടി രൂപയാണ്.</td></tr>
<tr><td>(ബി)</td><td>2016 മുതൽ 2021 വരെ വൻകിട വികസന പ്രവർത്തനങ്ങൾക്ക് എടുത്ത കടത്തിന്റെ പകുതി പോലും കേരളം വിനിയോഗിച്ചിട്ടില്ല എന്ന സി.എ.ജി. റിപ്പോർട്ടിലെ പരാമർശം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ തിരുത്തൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;</td><td>(ബി)</td><td>അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം മൂലധനചെലവിൽ 2015-16 –നെ അപേക്ഷിച്ച് 2020-21 –ൽ 72.51% വർദ്ധനവ് വന്നിട്ടുണ്ട്. മൂലധനചെലവ് പരമാവധി ഉയർത്തുകയെന്നത് തന്നെയാണ് സർക്കാർ ലക്ഷ്യമിടുന്നത്.</td></tr>
<tr><td>(സി)</td><td>2016 മുതൽ നാളിതുവരെ വൻകിട വികസന പ്രവർത്തനങ്ങൾക്കായി എടുത്ത കടത്തിന് പലിശ ഇനത്തിൽ എത്ര രൂപ തിരിച്ച് അടച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?</td><td>(സി)</td><td>2016-17 മുതൽ 2020-21 വരെ പൊതുകടത്തിന്റെ പലിശ ഇനത്തിലെ തിരിച്ചടവ് ചുവടെ ചേർക്കുന്നു.<br><table><tr><th>സാമ്പത്തിക വർഷം</th><th>പലിശ (കോടിയിൽ)</th></tr><tr><td>2016-17</td><td>9416.36</td></tr><tr><td>2017-18</td><td>10937.67</td></tr><tr><td>2018-19</td><td>12086.29</td></tr><tr><td>2019-20</td><td>13273.79</td></tr><tr><td>2020-21</td><td>14409.57</td></tr></table></td></tr>
</table>

സെക്ഷൻ ഓഫീസർ